**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **10-10-2024 - ൽ മറുപടിയ്ക്ക്**

**മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ഏറ്റവും കൂടുതൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും, ആയതിൽ 85 തൊഴിൽ മേഖലകളുടെ മിനിമം വേതനം സർക്കാർ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന കാലാവധി കഴിയുന്ന തൊഴിൽ മേഖലകളുടെ മിനിമം വേതനം കാലോചിതമായി പുതുക്കി നിശ്ചയിക്കാറുമുണ്ട്.<br><br>മിനിമം വേതനം നിശ്ചയിക്കുന്നതിനും അത് കാലോചിതമായി പുതുക്കുന്നതുമായി ബന്ധപ്പെട്ടും സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേജസ് അഡ്വൈസറി ബോർഡ് നിലവിലുണ്ട്. മിനിമം വേജസ് അഡ്വൈസറി ബോർഡിന് കീഴിൽ രൂപീകരിച്ചിട്ടുള്ള മിനിമം വേതന ഉപസമിതികൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ തൊഴിലാളി-തൊഴിലുടമ ട്രേഡ് യൂണിയൻ പ്രതിനിധികളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലും മിനിമം വേതന നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുമാണ് മിനിമം വേതനം നിശ്ചയിച്ചുവരുന്നത്. |
| (ബി) | ഗ്രാമീണ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള കാർഷിക കാർഷികേതര നിർമ്മാണ മേഖലകളിലെ പ്രതിദിന വേതനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന നിരക്കിലാണ്. 15/11/2023-ൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 'Handbook of Statistics on Indian States, 2022-23' ന്റെ റിപ്പോർട്ട് പ്രകാരം, കേരളത്തിലെ ഗ്രാമീണ കാർഷിക മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 764.3 രൂപയാണ്. ടി തുക മറ്റ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളിലെ ഗ്രാമീണ കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലും, കാർഷിക മേഖലയിലെ ദേശീയ ശരാശരിയായ 345.7 രൂപയുടെ ഇരട്ടിയിലധികവുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഗ്രാമീണ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. |
| (സി) | കാർഷികേതര നിർമ്മാണ മേഖലകളിൽ ദേശീയ ശരാശരിയുമായി താരതമ്യം ചെയ്ത് കൂലിയുടെ നില ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 15/11/2023 തീയതിയിലെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 'Handbook of Statistics on Indian States, 2022-23' ന്റെ റിപ്പോർട്ട് പ്രകാരം, കേരളത്തിലെ കാർഷികേതര മേഖലയിൽ ജോലി ചെയ്യുന്ന പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 696.6 രൂപയും, നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 852.5 രൂപയുമാണ്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 348 രൂപയും നിർമ്മാണ മേഖലയിലെ ദേശീയ ശരാശരി 393.3 രൂപയുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കാർഷികേതര നിർമ്മാണ മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ട്. |
| (ഡി) | പരമ്പരാഗത തൊഴിൽ മേഖലകളിലെ മിനിമം വേതനം ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള പരമ്പരാഗത തൊഴിൽ മേഖലകൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താറുണ്ട്. മിനിമം വേതന നിയമപ്രകാരം കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ, പരാതികൾ ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയായ കയർ, ഖാദി, കൈത്തറി, ഈറ്റ, ബീഡി ആന്റ് സിഗാർ, മത്സ്യം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | വരുമാനവുമായുള്ള അന്തരം കണക്കാക്കി, കുറഞ്ഞത് 1250/- രൂപ (ആയിരത്തി ഇരുന്നൂറ്റി അമ്പത് രൂപ) ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി അനുവദിക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരമുള്ള ധനസഹായം ചുവടെ കൊടുത്തിട്ടുള്ള വകുപ്പ്/ ബോർഡുകൾക്ക് കീഴിൽ വരുന്ന തൊഴിലാളികൾക്കാണ് നൽകി വരുന്നത്.<br><br>1. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്<br>3. കയർ ഡയറക്ടറേറ്റ്<br>4. ബീഡി & സിഗാർ ക്ഷേമനിധി ബോർഡ്<br>5. ഹാന്റ്ലൂം & ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്<br>6. ഫിഷറീസ് ഡയറക്ടറേറ്റ്<br>7. ഹാന്റ്ലൂം വെൽഫെയർ ഫണ്ട് ബോർഡ് |

സെക്ഷൻ ഓഫീസർ